അനാഥകർക്കോ ശാരീരികമായോ മാനസികമായോ വെല്ലുവിളി നേരിടുന്നവർക്കോ മാരകരോഗികൾക്കോ മൃഗങ്ങൾക്കോ അഭയം നൽകുന്നതും ധർമ്മകാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രവേശനം നൽകുന്നതിനുമായ കെട്ടിടങ്ങൾ എന്നിവയെ 207 (ഡി) വകുപ്പ് പ്രകാരവും നികുതി ഉപനികുതി മുതലായവയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

കെട്ടിട നികുതി പിരിച്ചെടുക്കൽ

194 (7493) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 100% കെട്ടിടനികുതി പിരിച്ചെടുത്ത ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) എല്ലാ പഞ്ചായത്തുകളിലും കെട്ടിടനികുതി പൂർണ്ണമായും പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കെട്ടിട നികുതി പിരിച്ചെടുക്കാത്ത പഞ്ചായത്തുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) അദാലത്തുകൾ സംഘടിപ്പിച്ച് കെട്ടിടനികുതി പിരിച്ചെടുക്കൽ ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ്വീകരിച്ചുവരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) നികുതി പിരിവ് ത്വരിതപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അയയ്ക്കേണ്ട കെട്ടിട നികുതി കുടിശ്ശിക വരുത്തിയവർക്ക് പിഴപ്പലിശ ഒഴിവാക്കി കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കുന്നതിന് എല്ലാ സാമ്പത്തിക വർഷാവസാനവും അനുമതി നൽകാറുണ്ട്.

ക്ഷേമപെൻഷൻ വരുമാനപരിധി വെട്ടിച്ചുരുക്കൽ

195 (7494) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി ഇ. എസ് ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേമപെൻഷനുകൾക്കുള്ള ഉയർന്ന വരുമാനപരിധി എത്ര ആയിരുന്നു ; ഈ വരുമാനപരിധി വെട്ടിച്ചുരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വരുമാനപരിധി എത്രയാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വരുമാനപരിധി വെട്ടിച്ചുരുക്കുന്നതുമൂലം നിലവിൽ ക്ഷേമ പെൻഷൻ ലഭിക്കുന്നവർക്ക് പെൻഷൻ നഷ്ടപ്പെടാൻ സാധ്യതയുണ്ടോ ; ഉണ്ടെങ്കിൽ മൊത്തം എത്രപേർക്ക് പെൻഷൻ നഷ്ടപ്പെടുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പുമുഖേന നടപ്പിലാക്കിവരുന്ന സാമൂഹ്യക്ഷേമ പെൻഷനുകളിൽ അഗതി/വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവയുടെ അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയായിരുന്നു. എന്നാൽ ക്ഷേമ പെൻഷനുകളുടെയെല്ലാം അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയായി ഏകീകരിച്ച് 20-6-2014-ന് സ.ഉ. (എംഎസ്.) നമ്പർ 52/14/സാനീവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വാർദ്ധക്യകാല പെൻഷൻ, അഗതി/വിധവാ പെൻഷൻ ഇവയുടെ അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാന പരിധി 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിൻപ്രകാരം പെൻഷൻ ഇതിനകം ലഭിച്ച ഗുണഭോക്താക്കളിൽ നിന്നും ടി തുക തിരിച്ചുപിടിയ്ക്കേണ്ടതില്ലെന്ന് സ.ഉ.(എംഎസ്.) നമ്പർ 52/14/സാനീവ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. വരുമാനപരിധി ഏകീകരിച്ചതുമൂലം പെൻഷൻ ലഭിക്കുന്നതിനുള്ള അർഹത നഷ്ടപ്പെട്ടവരുടെ കണക്ക് ശേഖരിച്ചിട്ടില്ല.

വരുമാനപരിധി ചുരുക്കിയതിനാൽ പെൻഷൻ നൽകാനാകാത്ത സാഹചര്യം

196 (7495) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വരുമാനപരിധി 3 ലക്ഷം രൂപയിൽനിന്ന് 1 ലക്ഷം രൂപയായി ചുരുക്കിയത് കാരണം അനുവദിച്ച പെൻഷൻ നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല. സാമൂഹ്യനീതി വകുപ്പുമുഖേന നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പെൻഷനുകളുടെ അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയായി ഏകീകരിച്ച് സ.ഉ.(എംഎസ്.) നമ്പർ 52/14/ സാനീവ ഉത്തരവ് 20-6-2014-ന് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly